# സംസ്ഥാന ബഡ്ജറ്റ് 2008-09

## മെച്ചപ്പെടുന്ന ധനസ്ഥിതി

- 2006-07ൽ തനത് നികുതി വരുമാനം 22.1 ശതമാനം ഉയർന്നു. 2001-06 കാലത്ത് സംസ്ഥാന തനത് നികുതി വരുമാന വളർച്ച ശരാശരി 12.6 ശതമാനമായിരിന്നു.
- സംസ്ഥാനത്തിന്റെ നികുതി ബോയൻസി 2.1 ആയി ഉയർന്നു.
- കടബാധ്യത സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 37.6ശതമാനമായി താഴ്ന്നു. 2004-05ൽ ഇത് 39.1 ശതമാനമായിരുന്നു.
- 2004-05ൽ സംസ്ഥാന റവന്യൂ ചെലവിന്റെ 20.1 ശതമാനമായിരുന്ന പലിശ 2007-08 ബഡ്ജറ്റ് കണക്കു പ്രകാരം 16.5 ആയി കുറഞ്ഞു.
- 2006-07ലെ പ്രൈമറി മിച്ചം 1585 കോടി രൂപ.
- 2005-06ൽ 3.61 ശതമാനമായിരുന്ന റവന്യൂ കമ്മി 2006-07ൽ 1.99 ശതമാനമായി കുറഞ്ഞു. ധനകമ്മി 4.69ൽനിന്ന് 2.88 ശതമാനമായി താഴ്ന്നു.

## സാമൂഹ്യ സുരക്ഷ

- മുഴുവൻ ക്ഷേമ പെൻഷനുകളും പ്രതിമാസം 200 രൂപയായി വർധിപ്പിച്ചു.
- വയോജന പെൻഷൻ 250 രൂപ.
- നിലത്തെഴുത്താശാന്മാർക്കും കക്കവാരൽ തൊഴിലാളികൾക്കും പുതിയ പെൻഷൻ പദ്ധതി, ക്ഷേമനിധിയിൽ അംഗത്വം.
- മാനസിക വളർച്ച നേടാത്ത കുട്ടികൾക്കുള്ള 162 അംഗീകൃത സ്ഥാപനങ്ങൾക്കും ധനസഹായം. 10 കോടിരൂപ അധികം വകയിരുത്തുന്നു.
- സർക്കാർ എയ്ഡഡ് സ്പെഷൽ സ്കൂളുകളിലെ മെസ് അലവൻസ് 500 രൂപയിൽനിന്ന് 750രൂപയായി വർധിപ്പിച്ചു. വാർഷിക ഡ്രസ് അലവൻസ് 500ൽനിന്ന് 750 രൂപയാക്കി. അംഗവൈകല്യം, ബുദ്ധി മാന്ദ്യമുള്ളവർക്കുള്ള പെൻഷൻ 200 രൂപയാക്കി വർധിപ്പിച്ചു. അധിക വകയിരുത്തൽ 10 കോടിരൂപ.
- അനാഥാലയങ്ങളിലെ കുട്ടികൾക്കുള്ള ധനസഹായത്തിൽ പ്രതിമാസം 50 രൂപ വർധന. അധിക വകയിരുത്തൽ 5 കോടി രൂപ.
- അനാഥാലയങ്ങളെയും ഉൾപ്പെടുത്തി കാരുണ്യ ഡെപോസിറ്റ് സ്കീം വിപുലീകരിച്ച് നടപ്പാക്കും.
- കാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സാ ധനസഹായം. കാൻസർ സുരക്ഷാ സ്കീമിന് 15കോടി രൂപ കോർപ്പസ് ഫണ്ട്.
- മാറാരോഗങ്ങളുമായി ഡിസ്ചാർജ്ജ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം. ഈ വർഷം എല്ലാ മെഡിക്കൽ കോളേജുകളോടും ചേർന്ന് ഓരോ കേന്ദ്രങ്ങൾക്ക് സഹായം.
- ഏതൊരാൾക്കും 2 രൂപയ്ക്ക് ഉച്ചഭക്ഷണം പരിപാടി. പൈലറ്റ് സ്കീം കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച്. 20 കോടി രൂപ കോർപസ് ഫണ്ട്.
- വൃദ്ധസദനങ്ങൾ, അഗതിമന്ദിരങ്ങൾ, ജുവനൈൽ ഹോമുകളുടെ നവീകരണത്തിന് 5 കോടി.
- ആശ്രയപദ്ധതി മുഴുവൻ പഞ്ചായത്തുകളിലേക്കും. ഇതിന് അധികമായി 10 കോടിരൂപ.
- സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏകോപിപ്പിക്കാൻ സാമൂഹ്യ സുരക്ഷാ മിഷൻ. 60 കോടി രൂപയുടെ കോർപസ് ഫണ്ട്.
- പ്രവാസികൾക്ക് പുതിയ ക്ഷേമനിധി.

## ആരോഗ്യ ഇൻഷുറൻസ്

- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ്. 25 കോടി രൂപ വകയിരുത്തി.
- മുഴുവൻ കുടുംബങ്ങളുടെയും ആരോഗ്യ പരിരക്ഷയ്ക്കായി 'കേരള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി'. പൈലറ്റ് പരിപാടി ആലപ്പുഴ, കൊല്ലം ജില്ലകളിൽ. 20 കോടി രൂപ വകയിരുത്തി.
- പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആരോഗ്യ ഇൻഷുറൻസ് പരിപാടിയാണ് നടപ്പിലാക്കുന്നത്.

## കുടുംബശ്രീ

- കുടുംബശ്രീക്ക് 30 കോടി രൂപ.
- തൊഴിൽ സംരംഭങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും വിപണി ഉറപ്പാക്കുന്നതിനും പ്രത്യേക പരിപാടി - 'സമഗ്ര'
- കുടുംബശ്രീക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന വായ്പ 2009 മാർച്ചിൽ 1500 കോടിരൂപയാക്കി ഉയർത്തും.

## പൊതുവിതരണം

- വിലക്കയറ്റം നിയന്ത്രിക്കാൻ വർദ്ധിച്ച മാർക്കറ്റ് ഇടപെടലുകൾക്ക് സപ്ലൈക്കോയ്ക്കും കൺസ്യൂമർഫെഡിനും പരിധിയില്ലാതെ സഹായം.
- നടപ്പുവർഷം റേഷൻ സബ്സിഡി 116 കോടിയും സപ്ലൈകോയ്ക്ക് 42.5 കോടിയും കൺസ്യൂമർ ഫെഡിന് 13 കോടി രൂപയും നൽകി.

## കൃഷി, മൃഗസംരക്ഷണം

- കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരതക്കായി കാർഷിക വിലസ്ഥിരതാ ഫണ്ട് സ്കീം.
- കൃഷിക്കാർക്ക് പുതിയ ക്ഷേമനിധി. തുടക്കത്തിൽ സർക്കാർ വിഹിതമായി 1 കോടി രൂപ.
- 2008-09ൽ കാർഷിക കടാശ്വാസത്തിനായി 50 കോടി രൂപ പദ്ധതി സഹായം.
- കൃഷിക്കും അനുബന്ധ മേഖലക്കുമായി 365 കോടി രൂപയുടെ പദ്ധതി വിഹിതം.
- കർഷകർക്ക് പലിശയിളവ് നൽകാൻ 180 കോടി രൂപ ചെലവഴിച്ചു.
- കിസാൻശ്രീ വിപുലീകരിക്കും.
- തൊഴിലുറപ്പു പദ്ധതി എല്ലാ ജില്ലകളിലേക്കും. സംസ്ഥാന വിഹിതം 50 കോടി രൂപ.
- തൊഴിലുറപ്പു പദ്ധതിയിലൂടെ കാർഷിക മേഖലയിൽ 200 കോടി രൂപ ചെലവഴിക്കും.
- നെൽകൃഷിക്ക് പലിശ സബ്സിഡി, ഗ്രൂപ്പ് ഫാമിംഗ് എന്നിവയ്ക്കായി 20 കോടി രൂപ.
- നെല്ലു സംഭരണം കൂടുതൽ ശക്തമാക്കും. 2007-08ൽ നെല്ലു സംഭരണത്തിനായി 48 കോടി രൂപ നൽകി.
- സംയോജിത കേരവികസന പദ്ധതിക്ക് 15 കോടി രൂപ.
- മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയ്ക്കായി 70 കോടി രൂപ.
- ക്ഷീരകൃഷിക്കാരുടെ ക്ഷേമനിധിക്ക് സർക്കാർ അംശാദായം - 2 കോടി രൂപ.

## മത്സ്യമേഖല

- മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാക്കും. 20 കോടി രൂപ അധിക വകയിരുത്തൽ.
- മത്സ്യമേഖലയ്ക്കുള്ള വകയിരുത്തൽ 51 കോടിയിൽനിന്ന് 89 കോടിയായി ഉയർത്തി.
- പലിശ സബ്സിഡിക്ക് 50 ലക്ഷം രൂപ.
- സമഗ്ര ഇൻഷുറൻസ് പരിപാടി നടപ്പാക്കും.
- മത്സ്യമേഖലയിൽ തൊഴിൽ യൂനിറ്റുകൾക്ക് 16 കോടി രൂപ.
- ചെത്തി, കാസർഗോഡ്, ചേറ്റുവ, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഈ വർഷം.
- ചെല്ലാനം, അർത്തുങ്കൽ തുറമുഖങ്ങൾ സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി.

## പരമ്പരാഗത വ്യവസായം

- കയർഫെഡിന് പുനരുദ്ധാരണ പാക്കേജ്. 2 കോടി രൂപ വകയിരുത്തി.
- കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിന് 5 കോടി; സഹകരണ സംഘങ്ങൾക്ക് 4 കോടി.
- കയർ കോർപ്പറേഷനിൽനിന്നും കയറ്റുമതിക്കായി വാങ്ങുന്ന ഉല്പന്നങ്ങൾക്ക് 10 ശതമാനം റിബേറ്റ്. അധികമായി 5 കോടി.
- കശുവണ്ടി മേഖലയ്ക്കാകെ 65.5കോടി രൂപ.
- കശുവണ്ടി തൊഴിലാളികൾക്ക് റിട്ടയർമെന്റ് കുടിശ്ശികക്ക് 5 കോടി അധികമായി.
- കാപെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കുടിശ്ശിക തിരിച്ചടയ്ക്കാൻ 32 കോടി രൂപ.
- കൈത്തറി- പദ്ധതി അടങ്കൽ 25ൽനിന്ന് 40 കോടി രൂപയായി.
- കൈത്തറി സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക 2008-09 ആദ്യം നൽകും.
- കൊല്ലത്തും തൃശൂരും ഹാങ്ക് യാൺ നിർമ്മാണ കേന്ദ്രം.
- ടെക്സ് ഫെഡിന് 2 കോടി രൂപ, ബാംബൂ വികസന കോർപ്പറേഷന് 7 കോടി, ഖാദിക്ക് 5 കോടി. സെറിഫെഡിന് 3കോടി.

## പൊതുമേഖല, വ്യവസായം

- പൊതുമേഖലയുടെ പുനസംഘടനയ്ക്ക് 50 കോടി രൂപ.
- 2005-06ൽ 90കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 2007-08ൽ 20 കോടി രൂപ ലാഭത്തിൽ.
- ലാഭത്തിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 12ൽനിന്ന് 24 ആയി ഉയർന്നു.
- ചെറുകിട വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിന് ബി.ഐ.എഫ്.ആറിന് സമാനമായ സ്ഥാപനം നിലവിൽ വരും.

## കെ.എഫ്.സി., കെ.എസ്.എഫ്.ഇ

- ❖ കെ.എഫ്.സിയുടെ ഓഹരി മൂലധനമുയർത്താൻ 20 കോടി രൂപ; കെ.എഫ്.സി. ചെറുകിട വ്യവസായ മേഖലയിൽ ഇടപെടൽ ശക്തമാക്കും.
- ❖ കെ.എസ്.എഫ്.ഇക്ക് ഓഹരി മൂലധനം വിപുലപ്പെടുത്താൻ 10 കോടി രൂപ.
- ❖ പുതിയ 41 കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ.

**കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി**

- ❖ കെ.എസ്.ആർ.ടി.സിയുടെ നികുതി കുടിശ്ശിക 700 കോടി എഴുതിത്തള്ളും-സർക്കാർ വായ്പകൾ ഓഹരികളാക്കി മാറ്റും - പ്രതിവർഷം 1000 ബസ് - കെ.എസ്.ആർ.ടി.സിക്ക് 25 കോടി രൂപ പദ്ധതി വകയിരുത്തൽ.
- ❖ കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണ പാക്കേജിന് ബഡ്ജറ്റ് പിന്തുണ നൽകും.
- ❖ വാട്ടർ അതോറിറ്റി - സർക്കാർ വായ്പയുടെ പലിശ 1006 കോടി രൂപ എഴുതിത്തള്ളുന്നു; സർക്കാർ വായ്പ 839.6 കോടി രൂപ പലിശരഹിത ഫണ്ടാക്കി മാറ്റും.

**ജലസേചനം**

- ❖ ജലസേചനത്തിനും കടൽഭിത്തി നിർമ്മാണത്തിനുമായി 257 കോടി രൂപ
- ❖ മലമ്പുഴ ഇറിഗേഷൻ പദ്ധതിയുടെ പൂർത്തീകരണത്തിന് 29 കോടി രൂപ.
- ❖ ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് സഹായം 58 കോടി രൂപ.
- ❖ മീനച്ചിൽ നദീതട പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പാക്കും. 10 കോടിരൂപ വകയിരുത്തൽ.

**ഊർജ്ജം**

- ❖ ആതിരപ്പള്ളി, ചിമ്മിനി, അച്ചൻകോവിൽ, ചിന്നാർ, പീച്ചി പദ്ധതികൾ ആരംഭിക്കും. 73 കോടി രൂപ വകയിരുത്തി.
- ❖ 4 ലക്ഷം സർവീസ് കണക്ഷനുകളും 3 ലക്ഷം സ്ട്രീറ്റ് ലൈറ്റുകളും ലക്ഷ്യമിടുന്നു. 210 കോടി രൂപ യുടെ ചെലവ്.
- ❖ ഒറീസയിലെ ബൈതരണി വൈദ്യുത നിലയ കമ്പനിക്ക് ഓഹരി മൂലധനത്തിനായി 20 കോടി രൂപ.
- ❖ പാരമ്പര്യേതര ഊർജ്ജവികസനത്തിന് 9 കോടി, സംയോജിത ഗ്രാമീണ ഊർജ്ജ വികസന പരിപാടിക്ക് 10 കോടി.

**തുറമുഖം**

- ❖ വിഴിഞ്ഞം തുറമുഖം-25.7കോടി രൂപ പദ്ധതി വകയിരുത്തൽ.
- ❖ ആലപ്പുഴയിൽ കാർഗോ തുറമുഖവും മറീനയും. ആലപ്പുഴ കടൽപ്പാലം പുനരുദ്ധാരണത്തിന് 10 ലക്ഷം. അഴീക്കൽ തുറമുഖത്തിന് 2.8 കോടി രൂപ. മഞ്ചേശ്വരത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്.

**ഗതാഗതം**

- ❖ കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് തുടക്കം കുറിക്കും.
- ❖ പൊതുമരാമത്ത് നിർമാണ പ്രവൃത്തികൾക്ക് 705 കോടി രൂപയുടെ പദ്ധതി.
- ❖ ശബരിമല റോഡുകളിൽ ഈവർഷം ദീർഘകാല മെയിന്റനൻസ് കരാർ. 29 കോടി രൂപയുടെ വകയിരുത്തൽ.
- ❖ ജലഗതാഗതം പദ്ധതി അടങ്കൽ 71 ൽനിന്ന് 109 കോടിയാക്കി ഉയർത്തി.

**ടൂറിസം, ഐ.ടി.**

- ❖ പദ്ധതി അടങ്കൽ 83ൽ നിന്നും 96 കോടിയാക്കി ഉയർത്തി.
- ❖ പാതിരാമണൽ, മുസരീസ്, മലബാർ ടൂറിസം എന്നിവയ്ക്ക് അധികമായി 7 കോടി.
- ❖ വയലാർ മാർട്ടിഡം സ്ക്വയർ, വയലാർ സ്വരമണ്ഡപം എന്നിവയ്ക്ക് 50 ലക്ഷംരൂപ.
- ❖ ഗ്രാന്റ് കേരള ട്രേഡ് ഫെയറിന് 20 കോടി രൂപ.
- ❖ ഐ.ടിക്കുള്ള പദ്ധതി അടങ്കൽ 44 കോടിയിൽനിന്ന് 78 കോടിയാക്കി ഉയർത്തി.
- ❖ നാഷനൽ ഇ-ഗവണൻസ് പദ്ധതിയുടെ ഭാഗമായി 20 കോടി രൂപ.

**വിദ്യാഭ്യാസം, സംസ്കാരം, ശാസ്ത്രസാങ്കേതികം, പരിസ്ഥിതി, സ്പോർട്സ്**

- ❖ സർവ്വകലാശാലകൾക്കുള്ള പദ്ധതി സഹായം 11.9കോടി രൂപയിൽനിന്ന് 31.5കോടിയാക്കി ഉയർത്തി.
- ❖ ആർട്സ് & സയൻസ് കോളേജുകളിൽ 642 അധ്യാപക തസ്തികകൾ. ഹയർസെക്കണ്ടറി സ്കൂളുകളിൽ 1700 പുതിയ അധ്യാപക തസ്തികകൾ. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 400 തസ്തികകൾ.
- ❖ എഞ്ചിനീയറിംഗ് കോളേജുകൾക്ക് പദ്ധതി സഹായം 4.5 കോടിയിൽനിന്നും 19 കോടിയാക്കി.
- ❖ പോളി ടെക്നിക്കുകൾക്ക് 13 കോടി. ഫൈനാട്സ് കോളേജുകൾക്ക് 1.5കോടി., ലോ കോളേജുകൾക്ക് 1.5കോടി. , കോഴിക്കോട് സർവ്വകലാശാലയിലെ ജോൺമത്തായി സെന്ററിന് 90 ലക്ഷം.
- ❖ ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.സി. ലാബ്, ലൈബ്രറി സൗകര്യങ്ങൾക്ക് 32 കോടി.
- ❖ മലപ്പുറം എം.എസ്.പി. ഹയർസെക്കണ്ടറിക്ക് 20 ലക്ഷം രൂപ.
- ❖ സ്കോളർഷിപ്പുകൾക്ക് 14 കോടി രൂപ.

- പുതിയ ടാലന്റ് സർച്ച് സ്കോളർഷിപ്പ് പരിപാടി ആരംഭിക്കും. തുടക്കത്തിൽ 5 കോടി രൂപ അധിക വകയിരുത്തൽ.
- പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിനു വേണ്ടി 4.2 കോടി രൂപ
- തുടർസാക്ഷരതാ പ്രേരക് അലവൻസ് 100 രൂപ വർധിപ്പിക്കുന്നു.
- കല, സംസ്കാരം - പദ്ധതി വിഹിതം 14.3ൽനിന്നും 23 കോടിയായി വർധിപ്പിച്ചു.
- സ്പോർട്സിനുള്ള വകയിരുത്തൽ 3 കോടിയിൽനിന്നും 9 കോടിയായി ഉയർത്തി.

### ആരോഗ്യം

- ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അടങ്കൽ 13 കോടിയിൽനിന്ന് 30 കോടി രൂപയായി ഉയർത്തി.
- തദ്ദേശീയ ആരോഗ്യ സമ്പ്രദായങ്ങൾക്കുള്ള അടങ്കൽ 5 കോടിരൂപയിൽനിന്ന് 25 കോടിയായി ഉയർത്തി.
- കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പെഷ്യാലിറ്റി ബ്ലോക്കിന് 2 കോടി സുവർണ ജൂബിലി ഓഡിറ്റോറിയത്തിന് 1 കോടി രൂപ.
- ഉഴവൂർ കെ.ആർ.നാരായണൻ സ്മാരക സി.എച്ച്.സി.ക്ക് 25 ലക്ഷം രൂപ.
- കെ.എസ്.ഡി.പിക്ക് 20 കോടിയുടെ നവീകരണ പദ്ധതി. ഈ വർഷം 7 കോടിരൂപ.
- ഔഷധി നവീകരണത്തിന് 2 കോടി.
- ആലപ്പുഴ ഹോംകോ-കെട്ടിടത്തിനും ഫാർമസി കോളേജിനുമായി 70 ലക്ഷം.

### പാർപ്പിടം

- ലക്ഷംവീട് പുനരുദ്ധാരണത്തിന് 17.5കോടി രൂപ നടപ്പുവർഷം നൽകി. 5 കോടി പുതിയ വകയിരുത്തൽ. വിഷു ബംപർ ലോട്ടറി വരുമാനം ലക്ഷംവീട് പുനരുദ്ധാരണത്തിന്.
- 103 കോടി രൂപയുടെ സുനാമി ഭവന നിർമ്മാണ പദ്ധതി.

### തദ്ദേശ സ്വയംഭരണം

- നടപ്പുവർഷം 30 ശതമാനം പദ്ധതി തുക കാരിഓവർ ചെയ്യുന്നതിന് അനുവാദം നൽകും.
- ആലപ്പുഴ കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റ് സഹായം.
- ഏപ്രിൽ മെയ് മാസങ്ങളിൽ വിപുലമായ ജനകീയ ശുചിത്വ കാമ്പയിൻ.

### ഉത്തരകേരള പാക്കേജ്

- കോഴിക്കോട് മുതൽ മഞ്ചേശ്വരംവരെയുള്ള പ്രദേശത്തിന് പ്രത്യേക വികസന പരിപാടി.
- കണ്ണൂർ, കരിപ്പൂർ വിമാനത്താവള സ്ഥലമേറ്റെടുക്കൽ, കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പ്ലാൻ എന്നിവ ഊർജ്ജിതമാക്കും. 20 കോടി രൂപ പ്രത്യേക വകയിരുത്തൽ.

### പട്ടികജാതി പ്രത്യേക ഘടക പദ്ധതി

- പട്ടിക ജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിക്ക് 170കോടി രൂപ.
- സ്വാശ്രയ കോളേജുകളിലെ എസ്.സി. കുട്ടികൾക്ക് വിദ്യാഭ്യാസ സഹായത്തിനായി ആദ്യമായി 7.5 കോടി രൂപ പദ്ധതി വകയിരുത്തൽ..
- മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പത്ത് കോടി രൂപയുണ്ട്.
- ഏഴു വർഷത്തിനിടയിൽ ആദ്യമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50 ശതമാനം വർധിപ്പിച്ചു.
- പ്രത്യേക ഘടക പദ്ധതിയിൽ 21.5 കോടി രൂപ പാർപ്പിടത്തിനായി നീക്കിവെച്ചു.
- തൊഴിൽ വൈവിധ്യവൽക്കരണത്തിന് 20 കോടി രൂപ.

### പട്ടികവർഗ ഉപ പദ്ധതി

- ഭൂരഹിതരായ 4696 പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിന് 15 കോടി.
- പട്ടിക വർഗ്ഗക്കാർക്കായുള്ള ഉപ പദ്ധതിയുടെ അടങ്കൽ 60 കോടി രൂപയാണ്.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി 14 കോടി രൂപ.
- പാർപ്പിട പദ്ധതിക്ക് 5.3 കോടി രൂപ.

### സച്ചാർ കമ്മറ്റി

- പാലോളി കമ്മറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് 10 കോടി രൂപ.
- മദ്രസ അധ്യാപകർക്കു ക്ഷേമനിധി, അറബിക്-മാപ്പിള പഠന ഇൻസ്റ്റിറ്റ്യൂട്ട്, പാവപ്പെട്ട മുസ്ലീം പെൺകുട്ടികളുടെ ഉപരിപഠനത്തിന് പ്രത്യേക സ്കോളർഷിപ്പുകൾ.

### പിന്നോക്ക സമുദായ വികസനം

- പിന്നോക്ക സമുദായ വികസനത്തിനുവേണ്ടി 16 കോടി രൂപ.
- പരിവർത്തിത ക്രിസ്ത്യാനി വികസന കോർപ്പറേഷനു വേണ്ടി 3.5കോടി രൂപ., പിന്നോക്ക സമുദായ വികസന കോർപ്പറേഷനു വേണ്ടി 7 കോടി രൂപ., സ്കോളർഷിപ്പിനു വേണ്ടി 3 കോടി രൂപ.

### സ്ത്രീ ശാക്തീകരണം

- ❖ സാമൂഹ്യ ക്ഷേമ വകുപ്പു മന്ത്രി അധ്യക്ഷയായി പ്രത്യേക ജെന്റർ ബോർഡ് രൂപീകരിക്കും. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പിൽ പ്രത്യേക സെൽ.
- ❖ ഗാർഹിക പീഡനത്തിനെതിരായ നിയമം ഊർജ്ജിതമായി നടപ്പിലാക്കും. ജില്ലകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ പുതുതായി നിയമിക്കും.

### റവന്യൂ

- ❖ സംസ്ഥാന ഭൂ ബാങ്ക് രൂപീകരിക്കും. അന്യാധീനപ്പെട്ട അമ്പതിനായിരത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കും. കേരള ഭൂ ബാങ്കിനുവേണ്ടി 5 കോടി രൂപ.
- ❖ ആറ്റിങ്ങൽ, കോതമംഗലം, പിറവം, ആലത്തൂർ, ഹോസ്ദുർഗ്ഗ് എന്നിവിടങ്ങളിൽ പുതിയ മിനി സിവിൽ സ്റ്റേഷനുകൾ ആരംഭിക്കും.

### ട്രഷറി

- ❖ കുടപ്പനക്കുന്ന്, നൂറനാട്, തൃശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പുതിയ സബ് ട്രഷറികൾ, തലശ്ശേരിയിൽ പെൻഷൻ ട്രഷറി, കാസർഗോഡ്, ഇടുക്കി എന്നിവിടങ്ങളിൽ സ്റ്റാമ്പ് ഡിപ്പോകൾ.

### ആഭ്യന്തരം-ജയിൽ, എക്സൈസ്

- ❖ ചോമ്പാൽ, ഇരവിപുരം, പരിയാരം മെഡിക്കൽ കോളേജ്, നെടുമ്പാശ്ശേരി, കരിപ്പൂർ എന്നീ അഞ്ച് പുതിയ പോലീസ് സ്റ്റേഷനുകൾ.
- ❖ പരവൂർ, വടക്കാഞ്ചേരി, മണ്ണാർക്കാട്, നാദാപുരം, പേരാവൂർ, പെരിങ്ങോം, പൂവാർ എന്നീ 7 പുതിയ ഫയർ സ്റ്റേഷനുകൾ.
- ❖ 11 പുതിയ എക്സൈസ് റേഞ്ചുകൾ സ്ഥാപിക്കും. ചിറ്റൂർ ഷുഗർമിൽ ഈ വർഷം എക്സൈസ് വകുപ്പ് ഏറ്റെടുത്ത് ഒരു ഇൻഹൗസ് ഡിസ്റ്റിലറിയായി പുനരുദ്ധരിക്കും.

### പബ്ലിക് റിലേഷൻസ്

- ❖ പബ്ലിക് റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് 2.86 കോടിയിൽനിന്ന് 7.65കോടി രൂപയായി ഉയർത്തി. സി-ഡിറ്റിന് 1.6കോടിരൂപ
- ❖ സുതാര്യ കേരളത്തിനുള്ള അടങ്കൽ 20 ലക്ഷത്തിൽനിന്ന് 95 ലക്ഷമായി ഉയർത്തി.
- ❖ പത്രപ്രവർത്തക ആരോഗ്യ ഇൻഷുറൻസിന് 20 ലക്ഷം രൂപ അധികമായി അനുവദിച്ചു.
- ❖ പത്ര പ്രവർത്തകർക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്.

### ജീവനക്കാർ

- ❖ കാഷ്വൽ സ്വീപ്പർമാരുടെ വേതനം 600 രൂപയിൽനിന്ന് 1000 രൂപയാക്കി വർധിപ്പിക്കുന്നു.
- ❖ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിലവിലുള്ള 5 ശതമാനം പ്രമോഷൻ തസ്തികകൾ 10 ശതമാനമായി വർധിപ്പിക്കുന്നു.
- ❖ പെൻഷൻ പരിഷ്ക്കരണം ആഗസ്ത് 31നകം പൂർത്തീകരിക്കും

### ഭരണ പരിഷ്ക്കാരം

- ❖ മൂന്നാം ഭരണ പരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ട് ധനവകുപ്പിൽ നടപ്പിലാക്കും.
- ❖ കാലതാമസമൊഴിവാക്കാൻ ധനകാര്യ അഡ്വൈസർ സമ്പ്രദായം.

# നികുതി നിർദ്ദേശങ്ങൾ

## നികുതി കുടിശ്ശിക തീർപ്പാക്കാൻ പ്രത്യേക ആംനസ്റ്റി സ്കീം

- 90-91 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.
- 91-92 മുതൽ 95-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കണം. പലിശയും പിഴയും പൂർണമായും ഒഴിവാക്കും.
- 96-97 മുതൽ 99-2000വരെയുള്ള കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശത മാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.
- നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10% തുക മാത്രം അടച്ചാൽ മതിയാകും.
- കെ.ജി.എസ്.ടി. പ്രകാരമുള്ള അസസ്സ്മെന്റ് കുടിശ്ശികകൾ ഈ വർഷം പൂർത്തീകരിക്കും.

## നികുതി ഇളവുകൾ

- വെളിച്ചെണ്ണയ്ക്കുള്ള നികുതി ഇളവ് എല്ലാത്തരം വെളിച്ചെണ്ണകൾക്കും ബാധകമാക്കും.
- ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നിരക്ക് 4 ശതമാനമായി കുറച്ചു.
- പേപ്പർ ബാഗുകളെ നികുതിയിൽ ഒഴിവാക്കി; പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നികുതി 12.5 ശതമാനമായി ഉയർത്തി.
- ജനറേറ്ററുകൾ, ആശുപത്രി ഉപകരണങ്ങൾ, കമ്പ്യൂട്ടർ പെരിഫെറൽസ് എന്നിവയുടെ നികുതി 4 ശത മാനമായി കുറച്ചു.
- ദേശീയ നേതാക്കളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും പ്രതിമ നിർമ്മിക്കുന്ന പ്രവർത്തി നികുതിയിൽ നിന്നും ഒഴിവാക്കി.
- ദേവസ്വം ബോർഡ് വിതരണം ചെയ്യുന്ന പ്രസാദം ഭക്തരിൽ നിന്നുമുള്ള കാണിക്കയുടെ വിൽപ്പന എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കി.
- ഉപയോഗിച്ച കാറുകൾക്കുള്ള നികുതി അരശതമാനമായി കുറച്ചു.

- താഴെപ്പറയുന്നവയുടെ നികുതി നിരക്ക് 4 ശതമാനമായി കുറച്ചു
  - ആൽഡ്രോപ്സ്, കപ്പി, വാതിൽ ജന്നൽപ്പടികൾ എന്നിവ കോൺക്രീറ്റിൽ പിടിപ്പിക്കുന്ന കുറ്റി.
  - റെയിൻഗാർഡിങ് കോമ്പൗണ്ട്
  - ഫ്ളേവേഴ്സും അരോമാറ്റിക് കോമ്പൗണ്ടുകളും.
  - ടാർപ്പോളിൻ (സിൽപോളിൻ ഉൾപ്പെടെ)
  - മെഷീൻ ടൂളുകൾ
  - എല്ലാ അച്ചടിയന്ത്രവും, ലെയ്ത്തുകളും; അവയുടെ ഭാഗങ്ങൾ ഉൾപ്പെടെ
  - മുൻസിപ്പൽ ഖരമാലിന്യ സംസ്കരണ ഉപകരണവും പ്ലാന്റുകളും
  - സൈക്കിളിലെ എല്ലാ ഭാഗങ്ങളും (1.4.2005 മുതൽ)
  - കൈത്തറി, പരുത്തി എന്നിവ കൊണ്ടു നിർമ്മിച്ച ചവിട്ടി, മാറ്റ്, പരവതാനികൾ
  - എല്ലാത്തരം ഹാങ്ങറുകളും

- സിനിമാ വ്യവസായത്തെ വാറ്റ് പരിധിയിൽ നിന്നും ഒഴിവാക്കി.
- ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് ഉത്പാദിപ്പിക്കുന്ന ചോക്ക്, കുടകൾ, ബുക്ക് എന്നിവയ്ക്ക് നികുതി ഒഴിവാക്കി.
- വാറ്റ് നികുതി അടച്ച വർക്സ് കോൺട്രാക്ടർമാർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നൽകി വന്ന ഇളവ് സബ് കോൺട്രാക്ടർമാർക്കും ബാധകമാണ്.

## നികുതി നടപടി ക്രമങ്ങൾ

- കൂടുതൽ സ്വർണ്ണാഭരണ വ്യാപാരികളെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് കൊണ്ടുവരുവാൻ പ്രത്യേക സ്കീം.
- കോമ്പൗണ്ടിംഗ് അപേക്ഷ നിരസിക്കുവാനും നൽകിയ കോമ്പൗണ്ടിംഗ് റദ്ദാക്കുവാനും ഡെപ്യൂട്ടി കമ്മീഷണർമാർക്ക് അധികാരം.
- വർക്സ് കോൺട്രാക്ട് നികുതി കോമ്പൗണ്ടിംഗ് സമ്പ്രദായം ലഘൂകരിച്ചു.

## പുതിയ നികുതി നിർദ്ദേശങ്ങൾ

- സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് പണം കണ്ടെത്താനായി വിൽപ്പന നികുതിയിൽ ഒരു ശതമാനം സെസ്സ്.
- ചില്ലറ വ്യാപാര മേഖലയിലെ വൻകിട വ്യാപാര സ്ഥാപനങ്ങൾക്ക് നികുതിയിന്മേലുള്ള സർചാർജ് നിയമമനുസരിച്ച് 10 ശതമാനം സർചാർജ് ഏർപ്പെടുത്തി.
- 1000 രൂപയോ അതിനു മുകളിലോ വാടകയുള്ള ആശുപത്രി മുറികൾക്ക് 10 ശതമാനം ആഡംബര നികുതി.
- പേപ്പർ ലോട്ടറി സാധാരണ നറുക്കെടുപ്പിന് 7 ലക്ഷമായും ബംമ്പർ നറുക്കെടുപ്പിന് 17 ലക്ഷമായും നികുതി വർദ്ധിപ്പിച്ചു.